


# അക്കാദമിക
# മാസ്റ്റർ പ്ലാൻ
# 2025-26



## ഗവ: എൽ.പി.എസ്, പടപ്പക്കര

@JB_Sign

# ഗവൺമെന്റ്
# ലോവർ പ്രൈമറി സ്കൂൾ
# പടപ്പക്കര

# അക്കാദമിക
# മാസ്റ്റർ പ്ലാൻ
# 2025-26

## അടിസ്ഥാന വിവരങ്ങൾ

| | |
|---|---|
| സ്കൂളിന്റെ പേര് | ഗവ: എൽ.പി സ്കൂൾ, പടപ്പക്കര |
| സ്ഥാപിതമായ വർഷം | 1964 |
| സ്കൂൾ കോഡ് | 41 612 |
| UDISE Code | 32130900303 |
| ഫോൺ നമ്പർ | 0474 2523508 |
| email | 41612kundara@gmail.com |
| കുട്ടികളുടെ എണ്ണം (പ്രീ പ്രൈമറി ഉൾപ്പെടെ) | 29 |
| അധ്യാപകരുടെ എണ്ണം പ്രീ പ്രൈമറി ഉൾപ്പെടെ) | 5 |
| അനധ്യാപകരുടെ എണ്ണം( പ്രീ പ്രൈമറി ഉൾപ്പെടെ) | 2 |
| വിദ്യാഭ്യാസ ജില്ല | കൊല്ലം |
| വിദ്യാഭ്യാസ ഉപജില്ല | കുണ്ടറ |
| ബി ആർ സി | കുണ്ടറ |
| ജില്ല പഞ്ചായത്ത് | കൊല്ലം |
| ബ്ലോക്ക് പഞ്ചായത്ത് | ചിറ്റുമല |
| ഗ്രാമപഞ്ചായത്ത് | പേരയം |
| പഞ്ചായത്ത് വാർഡ് നമ്പർ | 3 |
| വാർഡ് മെമ്പർ | ശ്രീ. ബി. സ്റ്റാഫോർഡ് |
| വില്ലേജ് | പേരയം |
| അസംബ്ലി നിയോജക മണ്ഡലം | കുണ്ടറ |
| പാർലമെന്റ് നിയോജക മണ്ഡലം | കൊല്ലം |
| പോസ്റ്റ് ഓഫീസ് / പിൻ കോഡ് | പടപ്പക്കര / 691503 |
| പോലീസ് സ്റ്റേഷൻ | കുണ്ടറ |
| പ്രഥമാധ്യാപകന്റെ പേര് | ബിജു. ജെ |
| ഫോൺ നമ്പർ | 8289933707 |
| അക്കാദമിക മാസ്റ്റർ പ്ലാൻ<br>തയ്യാറാക്കിയ വർഷം | 2025-26 |

# ആമുഖം

കൊല്ലം ജില്ലയിലെ പേരയം ഗ്രാമപഞ്ചായത്തിലെ ഏക സർക്കാർ വിദ്യാലയമാണ് ഗവൺമെന്റ് ലോവർ പ്രൈമറി സ്കൂൾ പടപ്പക്കര. മൂന്നു വശവും അഷ്ടമുടിക്കായലിനാൽ ചുറ്റപ്പെട്ട പടപ്പക്കര എന്ന കൊച്ചുഗ്രാമത്തിൽ 1964 ലാണ് ഈ വിദ്യാലയം സ്ഥാപിതമായത്. മത്സ്യബന്ധനമായിരുന്നു ജനങ്ങളുടെ പ്രധാന തൊഴിൽ. പുരോഗമന ചിന്താഗതിക്കാരായ ചില ആളുകളുടെ സഹായങ്ങൾ കൊണ്ടാണ് ഈ വിദ്യാലയം സ്ഥാപിക്കാനിടയായത്. സാമൂഹികമായും സാമ്പത്തികമായും ഏറെ പിന്നോക്കം നിൽക്കുന്ന പ്രദേശമാണ് ഇവിടം. വിദ്യാലയം ആരംഭിച്ച സമയത്ത് എയ്ഡഡ്, അൺ എയ്ഡഡ് മേഖലകളിൽ മറ്റ് വിദ്യാലയങ്ങൾ ഒന്നും തന്നെ സമീപ പ്രദേശങ്ങളിൽ ഉണ്ടായിരുന്നില്ല. അതുകൊണ്ട് എല്ലാവരും ഈ വിദ്യാലയത്തെ തന്നെ ആശ്രയിച്ചു. അന്ന് വിദ്യാർത്ഥികളുടെ എണ്ണം കൊണ്ട് സമ്പന്നമായിരുന്നു ഈ വിദ്യാലയം.

പക്ഷേ ഇന്ന് മത്സരബുദ്ധിയോടെ മറ്റ് വിദ്യാലയങ്ങൾ വാഹന സൗകര്യങ്ങളൊരുക്കിയും ആകർഷകങ്ങളായ വാഗ്ദാനങ്ങൾ നൽകിയും രക്ഷിതാക്കളെ സ്വാധീനിച്ച് കുട്ടികളെ കൊണ്ടുപോകുന്നു. ഈ പ്രവണത ഇവിടെ കുട്ടികളുടെ എണ്ണം കുറയാനിടയാക്കുന്നു. ഏകദേശം പതിനഞ്ചിലധികം വിദ്യാലയങ്ങളുടെ വാഹനങ്ങൾ ഈ മുറ്റത്തുകൂടി കടന്നു പോകുന്നു. അവരോടെല്ലാം മത്സരിച്ചാണ് സധൈര്യം ഞങ്ങൾ മുന്നോട്ടു പോകുന്നത്.

## ലക്ഷ്യങ്ങളും കാഴ്ചപ്പാടും

- മികച്ചതും വേറിട്ടതുമായ പാഠ്യ-പാഠ്യേതര  പ്രവർത്തനങ്ങൾ വഴി കുട്ടികളുടെ അക്കാദമിക നിലവാരം മെച്ചപ്പെടുത്തുക.
- ഇത്തരം പ്രവർത്തനങ്ങൾ പൊതുസമൂഹത്തിന്റെ  ശ്രദ്ധയിൽ കൊ്ുവന്ന് കൂടുതൽ കുട്ടികളെ ആകർഷിക്കുക.
- രക്ഷിതാക്കളുടെ സജീവ പങ്കാളിത്തം ഉറപ്പുവരുത്തുക
- സ്കൂളിന്റെ  മുഖച്ഛായ ആകർഷകമാക്കുക.
- സാങ്കേതികവിദ്യയുടെ ഗുണഫലങ്ങൾ പരമാവധി പ്രയോജനപ്പെടുത്തി പാഠ്യ പാഠ്യേതര പ്രവർത്തനങ്ങൾക്ക്  പുതിയ മാനം നൽശുക
- അപ്പർ പ്രൈമറി  സ്കൂളായി ഉയർത്തുക

## സമഗ്ര ഗുണമേന്മ പദ്ധതി

സമഗ്ര ഗുണമേന്മ പദ്ധതിയുടെ  ഭാഗമായി എല്ലാ കുട്ടികളും അവർ ആർജ്ജിക്കേണ്ട പഠനശേഷികൾ  നേടാനും  അവർക്ക് ആവശ്യമായ പഠന പിന്തുണ പരിപാടികളും പഠനപോഷണ പരിപാടികളും നൽകി നിർദിഷ്ട നിലവാരത്തിലേക്ക്   എത്തിക്കുക എന്നുള്ളതാണ് ഞങ്ങളുടെ ലക്ഷ്യം. അതിനുള്ള പ്രവർത്തനങ്ങൾ  അധ്യാപകരുടെ നേതൃത്വത്തിൽ  നടന്നു വരുന്നു.

## മുൻ അക്കാദമിക പ്ലാനുകളുടെ വിലയിരുത്തൽ

മുൻ അക്കാദമിക പ്ലാനുകൾ പ്രകാരമുള്ള പല പ്രവർത്തനങ്ങളും പൂർത്തീകരിക്കാൻ സാധിച്ചു. പുതിയ കെട്ടിടം, ടോയ്ലറ്റുകൾ, കുടിവെള്ള സൗകര്യം, റാമ്പുകൾ, ഫർണിച്ചറുകൾ, ശബ്ദ സംവിധാനം മുതലായവ അമ്പതാം വാർഷിക ആഘോഷങ്ങളുടെ ഭാഗമായി നേടിയെടുത്തു.എങ്കിലും പൂർണ്ണതയിൽ എത്താൻ ഇനിയും പല മേഖലകളിലും നാം മുന്നേറേണ്ടതുണ്ട്. അതിനായി ഈ വർഷത്തെ അക്കാദമിക മാസ്റ്റർ പ്ലാനിൽ  മാറ്റങ്ങളും കൂട്ടി ചേർക്കലുകളും വരുത്തിയിട്ടുണ്ട്. അവയെ  മുൻഗണനാക്രമ പ്രകാരം രേഖപ്പെടുത്തിയിട്ടുണ്ട്.

## വിദ്യാലയം – പൊതു വിശകലനം

പടപ്പക്കരയിലെ ഗ്രാമീണ ജനതയെ വിദ്യാഭ്യാസപരവും സാമൂഹികവുമായ പിന്നോക്കാവസ്ഥയിൽ നിന്നും കൈപിടിച്ചുയർത്തി പുരോഗതിയുടെ പാതയിലെത്തിക്കുവാൻ ഒരളവുവരെ ഈ വിദ്യാലയത്തിന് സാധിച്ചിട്ടുണ്ട്. മത്സ്യത്തൊഴിലാളികളുടേയും, മറ്റ് അസംഘടിതമേഖലകളിൽ പണിയെടുക്കുന്നവരുടേയും മക്കൾ പഠിക്കുന്ന സ്ഥാപനമാണിത്. സ്കൂളിന്റെ ഒരു വർഷം നീണ്ടുനിന്ന 50–ാം വാർഷികാഘോഷങ്ങളുടെ ഭാഗമായി വിവിധ വികസന പ്രവർത്തനങ്ങൾ, പി.റ്റി.എയുടെയും, പൂർവ്വ വിദ്യാർത്ഥികളുടേയും, അഭ്യുദയ കാംക്ഷികളുടേയും സഹകരണത്തോടെ നടത്തുകയുണ്ടായി.

### വിദ്യാലയത്തിന്റെ ശക്തിയും പരിമിതികളും

ശക്തി

- മികച്ച ഭൗതിക സാഹചര്യങ്ങൾ
- നന്നായി പ്രവർത്തിക്കുന്ന അധ്യാപകർ.
- ഭൗതിക വികസനത്തിൽ താല്പര്യമുള്ള പൂർവ്വ വിദ്യാർത്ഥികളും, അഭ്യുദയകാം. ക്ഷികളും.

പരിമിതികൾ

- വാഹനസൗകര്യം ഇല്ലായ്മ
- കുട്ടികളുടെ എണ്ണത്തിലെ കുറവ്
- സി.പി.ടി.എ/പി.ടി.എയിലെ പങ്കാളിത്തക്കുറവ്.

സാധ്യതകൾ

- മികച്ച പാഠ്യ–പാഠ്യേതര പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുക
- രക്ഷകർത്താക്കളുടെ പങ്കാളിത്തം കൂടുന്നതിന് വേണ്ട പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പാക്കുക.
- ഭൗതിക സാഹചര്യങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുക.
- വാഹനസൗകര്യം മെച്ചപ്പെടുത്തുക.

ഭീഷണി

- മറ്റ് വിദ്യാലയങ്ങൾ വാഹന സൗകര്യങ്ങളൊരുക്കിയും ആകർഷകങ്ങളായ വാഗ്ദാന ങ്ങൾ നൽകിയും രക്ഷിതാക്കളെ സ്വാധീനിച്ച് കുട്ടികളെ കൊണ്ടുപോകുന്നു.
- സി.പി.ടി.എയിലെ രക്ഷകർത്താക്കളുടെ പങ്കാളിത്തക്കുറവ് കുട്ടികളിലെ പഠനപിന്നോക്കവസ്ഥ പരിഹരിക്കുന്നതിനും, എല്ലാ കുട്ടികളും അടിസ്ഥാന ശേഷി കൈവരിക്കൽ എന്ന നേട്ടത്തിലെത്തിക്കുന്നതിനും പ്രയാസം അനുഭവപ്പെടുന്നു.

**പഠന ലക്ഷ്യം**

ഈ സ്കൂളിലെ ഓരോ ക്ലാസിലെയും കുട്ടികൾ നിശ്ചിത പഠനം നിലവാരം നേടണം എന്നതായിരുന്നു ലക്ഷ്യം. ഒന്നാം ക്ലാസിൽ 70% ഉം രണ്ടാം ക്ലാസിലും മൂന്നാം ക്ലാസിലും 80% ഉം നാലാം ക്ലാസിൽ 95% ഉം നേട്ടം കൈവരിക്കാൻ സാധിച്ചു. പഠനപിന്നോക്കാവസ്ഥ കണ്ടെത്തുന്നതിന് പ്രീ–ടെസ്റ്റ് നടത്തുകയും പ്രത്യേക മൊഡ്യൂൾ തയ്യാറാക്കി പഠിപ്പിക്കുയും ചെയ്തു. സമയക്കുറവും ചില രക്ഷകർത്താക്കളുടെ ഭാഗത്ത് നിന്നുള്ള ശ്രദ്ധകുറവും കൊണ്ട് പൂർണ്ണമായി ലക്ഷ്യത്തിലെത്താൻ സാധിച്ചില്ല. അവധിക്കാലത്ത് ഈ കുട്ടികൾക്ക് വേണ്ടി പ്രത്യേകം പഠന പാക്കേജിൽ തയ്യാറാക്കി നൽകി. ഈ അധ്യയന വർഷം ആരംഭിച്ചത് മുതൽ അവർക്കുള്ള പ്രത്യേക പരിശീലനം തുടരുന്നു. എങ്കിലും സമയക്കുറവ് ഒരു വലിയ വെല്ലുവിളിയായി അവശേഷിക്കുന്നു.

**വിദ്യാലയത്തിലെ ഭൗതികാന്തരീക്ഷം – നിലവിലെ അവസ്ഥ**

പുതുതായി നിർമ്മിക്കപ്പെട്ട മൂന്നു നില കെട്ടിടമാണ് പ്രധാന ആകർഷണം. എല്ലാ നിലകളിലും ടോയ്‌ലറ്റ് സൗകര്യവും കുടിവെള്ള സംവിധാനവും ഒരുക്കിയിട്ടുണ്ട്. താഴത്തെ നിലയുള്ള ഹാൾ മീറ്റിംഗുകൾക്കും ഡൈനിംഗ് ഹാളായും ഉപയോഗപ്പെടുത്തുന്നു.

**അധ്യാപകർ–നിലവിലെ അവസ്ഥ**

പ്രഥമാധ്യാപകൻ ഉൾപ്പെടെ നാല് അധ്യാപകരാണ് നിലവിലുള്ളത്. ഇത് കൂടാതെ പ്രീപ്രൈമറിയിൽ ഒരു അധ്യാപികയും ഒരു ആയയും ഉണ്ട്. പ്രഥമാധ്യാപകൻ ഒഴികെ മറ്റെല്ലാ അധ്യാപകരും ഈ നാട്ടുകാരും നിരവധി വർഷങ്ങളായി ഈ വിദ്യാലയത്തിൽ ജോലി ചെയ്തു വരുന്നവരുമാണ്.

എല്ലാ അധ്യാപകരും അധ്യാപക ശാക്തീകരണ പരിപാടികളിൽ കൃത്യമായി പങ്കെടുക്കുന്നു. വിവിധ പരിശീലനങ്ങളിലൂടെ ലഭിച്ച അറിവുകൾ ക്ലാസ് മുറികളിൽ പരമാവധി ഉപയോഗപ്പെടുത്താൻ അധ്യാപകർക്ക് സാധിച്ചിട്ടുണ്ട്. പാഠ്യ–പാഠ്യേതര പ്രവർത്തനങ്ങളിൽ കുട്ടികളെ മുന്നോട്ട് നയിക്കാൻ അധ്യാപകർക്ക് സാധിക്കുന്നു.

## സമൂഹ പങ്കാളിത്തം

50–ാം വാർഷികാഘോഷങ്ങളുടെ ഭാഗമായി വിവിധ വികസന പ്രവർത്തനങ്ങൾ, പി.റ്റി.എയുടെയും, പൂർവ്വ വിദ്യാർത്ഥികളുടേയും, അഭ്യുദയ കാംക്ഷികളുടേയും സഹകരണത്തോടെ നടത്തുകയുണ്ടായി. സമൂഹ പങ്കാളിത്തം എന്നാൽ പിന്നീട് സമൂഹ പങ്കാളിത്തത്തിൽ കുറവുണ്ടാകുകയും അത് സ്കൂളിന്റെ വളർച്ചയെ ദുർബലപ്പെടുത്തുകയും ചെയ്തു. അതിൽ മാറ്റം വരുത്തുന്നതിനുള്ള ശ്രമങ്ങൾ നടന്നുവരുന്നു

## മുൻഗണന ക്രമത്തിലുള്ള പ്രശ്നങ്ങൾ

1. ഐ.ടി ലാബ്

പുതിയ പഠനപ്രക്രിയയിൽ സാങ്കേതികവിദ്യയ്ക്ക് വളരെയധികം പ്രാധാന്യം കൽപ്പിക്കുന്നു. ക്ലാസ് മുറികളെ സജീവമാക്കുന്നതിന് ഇവയ്ക്ക് പ്രധാന സ്ഥാനമുണ്ട്. ഭാഷാ പഠനത്തിനും അധിക വായനയ്ക്കും ഇവയെ ഉപയോഗപ്പെടുത്താവുന്നതാണ്. കൂടാതെ കളിപ്പെട്ടി (ഐസി.റ്റി പാഠപുസ്തകം) പ്രവർത്തനങ്ങൾക്ക് ഒരു ലാബ് അത്യന്താപേക്ഷിതമാണ്. എം.പി, എം.എൽ.എ എന്നീ ഫണ്ട് ഉപയോഗിച്ച് ഇവ നിറവേറ്റാൻ ലക്ഷ്യമിടുന്നു.

2. ലൈബ്രറി

കുട്ടികളിൽവായന അന്യമായി കൊിരിക്കുന്ന ഈ കാലഘട്ടത്തിൽ വായനയെ വളർത്തുന്നതിനും പരിപോഷിപ്പിക്കുന്നതിനും ഗ്രന്ഥശാലകൾക്ക് പ്രമുഖ സ്ഥാനമുണ്ട്. പാഠ്യ പാഠ്യേതര പ്രവർത്തനങ്ങളിലും ഭാഷാ പഠനത്തിലും ഒഴിച്ചുകൂടാൻ പറ്റാത്തതാണ്. ഇതിനായി പത്രങ്ങളും മറ്റ് ആനുകാലികങ്ങളും എൽ.പി വിഭാഗം കുട്ടികളുടെ നിലവാരത്തിന് അനുസരിച്ചുള്ള ബാലസാഹിത്യകൃതികളും ലഭ്യമാകണം. വ്യക്തികൾ, സ്ഥാപനങ്ങൾ, ക്ലബ്ബുകൾ, തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾ എന്നിവരുടെ സഹകരണത്തോടെ ഇത് സാധ്യമാക്കാം.

3. അടുക്കള പച്ചക്കറിത്തോട്ടം

കൃഷിപാഠങ്ങൾ മനസ്സിലാക്കുന്നതിനും കൃഷിയെ ജീവിതത്തിന്റെ ഭാഗമാക്കുന്നതിനും ഉച്ചക്ഷണത്തിന് വിഷ രഹിത പച്ചക്കറികൾ ലഭിക്കുന്നതിനുമായി

പച്ചക്കറിത്തോട്ടം സ്ഥാപിക്കണം. വ്യക്തികൾ, കൃഷിഭവൻ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുടെ പങ്കാളിത്തത്തോടെ സ്ഥാപിക്കാൻ സാധിക്കും.

4. കുട്ടികളുടെ പാർക്ക്

എൽ.കെ.ജി മുതൽ നാലു വരെയുള്ള ക്ലാസുകളിലെ കുട്ടികളാണ് ഇവിടെ പഠിക്കുന്നത്. അവർക്ക് വിനോദത്തിനും കായിക പരിശീലനത്തിനും ഉതകുന്ന രീതിയിലുള്ള ഒരു പാർക്ക് ഉണ്ടാകണം. എം.പി, എം.എൽ.എ, വ്യക്തികൾ, സ്ഥാപനങ്ങൾ, തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾ എന്നിവരുടെ സഹകരണത്തോടെ ഇത് സാധ്യമാക്കാം

5. ശലഭോദ്യാനം / ജൈവ വൈവിധ്യ പാർക്ക്

പഠനത്തെ പരിസ്ഥിതിയുമായി ബന്ധിപ്പിക്കുന്നതിനും സ്കൂൾ അന്തരീക്ഷം ഹരിതാഭമാക്കുന്നതിനും ഉതകുന്ന രീതിയിൽ ഒരു പൂന്തോട്ടം. തണൽ മരങ്ങളും ഫലവൃക്ഷങ്ങളും നട്ടു പിടിപ്പിച്ച് ഹരിതാഭമാക്കണം. മനോഹരമായ ആമ്പൽ കുളവും സ്ഥാപിക്കണം. വ്യക്തികൾ, സ്ഥാപനങ്ങൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുടെ പങ്കാളിത്തത്തോടെ സ്ഥാപിക്കാൻ സാധിക്കും.

6. കുടിവെള്ള ഫിൽട്ടർ

പ്രധാന കുടിവെള്ള സ്രോതസ്സ് കുഴൽ കിണറാണ്. ഈ വെള്ളം ശുദ്ധീകരിക്കുന്നതിനായി ചെറിയ 2 ഫിൽട്ടറുകളാണ് ഇവിടെ സ്ഥാപിച്ചിരുന്നത്. 30 ലിറ്റർ കപ്പാസിറ്റിയുള്ള ഫിൽറ്ററുകൾ സ്ഥാപിച്ചു കഴിഞ്ഞാൽ മുഴുവൻ സമയവും ശുദ്ധമായ ജലം ലഭ്യമാകും. വ്യക്തികൾ, സ്ഥാപനങ്ങൾ, ക്ലബ്ബുകൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവരുടെ സഹകരണത്തോടെ ഇത് സാധ്യമാക്കാം.

## അനുബന്ധ സംവിധാനങ്ങൾ നിലവിലെ അവസ്ഥ

പി.ടി.എ, എസ്.എം.സി, ഉച്ചഭക്ഷണ കമ്മിറ്റി മുതലായ ജനകീയ സമിതികൾ സജീവമായി പ്രവർത്തിച്ചുവരുന്നു. കൃത്യമായ ഇടവേളകളിൽ യോഗം ചേരുകയും സ്കൂളിന്റെ പ്രവർത്തനങ്ങളിൽ കൃത്യമായി ഇടപെട്ട് വരികയും ചെയ്യുന്നു. എല്ലാ വെള്ളിയാഴ്ചകളിലും എസ്.ആർ.ജി ചേരുന്നു. പാഠ്യ–പാഠ്യേതര പ്രവർത്തനങ്ങൾ ചർച്ച ചെയ്യുകയും ആസൂത്രണം ചെയ്ത് നടപ്പിലാക്കുകയും ചെയ്തു വരുന്നു

അനുബന്ധം – 1

വിവിധ ക്ലാസ്സുകളിലെ കുട്ടികളുടെ എണ്ണം (2020-2025 )

| | 2020-21 | | 2021-22 | | 2022-23 | | 2023-24 | | 2024-25 | | 2025-26 | |
|---|---|---|---|---|---|---|---|---|---|---|---|---|
| | Boy | Girl | Boy | Girl | Boy | Girl | Boy | Girl | Boy | Girl | Boy | Girl |
| **Pre** | 0 | 0 | 19 | 19 | 10 | 12 | 6 | 6 | 6 | 6 | 3 | 7 |
| **I** | 7 | 7 | 8 | 7 | 8 | 12 | 3 | 4 | 2 | 0 | 1 | 2 |
| **II** | 9 | 10 | 9 | 11 | 6 | 3 | 7 | 6 | 3 | 2 | 4 | 0 |
| **III** | 2 | 9 | 2 | 8 | 8 | 7 | 3 | 1 | 5 | 5 | 3 | 1 |
| **IV** | 10 | 20 | 10 | 10 | 2 | 6 | 8 | 6 | 1 | 1 | 3 | 5 |
| **Total** | 64 | | 103 | | 74 | | 50 | | 31 | | 29 | |

അനുബന്ധം – 2

അധ്യാപകരുടെയും ജീവനക്കാരുടെയും എണ്ണം

| | |
|---|---|
| Headmaster | 1 |
| Primary teacher | 3 |
| Pre Primary teacher | 1 |
| Aayah | 1 |
| PTCM | 1 |
| Cook | 1 |

അനുബന്ധം – 3

ഐ.ടി. അനുബന്ധ സാമഗ്രികളുടെ അവസ്ഥ

| വിഭാഗം | നിലവിലുള്ളത് | ഇനി ആവശ്യമുള്ളത് |
|---|---|---|
| ലാപ്ടോപ്പ് | 3 | 4 |
| പ്രൊജക്ടർ | 3 | 2 |
| മൾട്ടി മീഡിയ സ്പീക്കർ | 3 | 4 |
| സ്മാർട്ട് ക്ലാസ് മുറികൾ | ഇല്ല | 2 |
| ഇന്ററാക്ടീവ് സ്മാർട്ട് ബോർഡ് | ഇല്ല | 2 |

**വിഷയം – മാതൃഭാഷ**

| പ്രവർത്തനത്തിന്റെ പേര് | ലക്ഷ്യം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1. സമഗ്ര ഗുണമേന്മ പദ്ധതി<br>**ഒപ്പം ഒപ്പത്തിനൊപ്പം**<br>പഠനപോഷണ പരിപാടി<br>പഠന പിന്നോക്കക്കാർക്ക് | പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻ നിരയിലെത്തിക്കുക.<br>എഴുത്ത് , വായന എന്നിവയിൽ കഴിവ് നേടുക.<br>ആവശ്യമായ പഠന പിന്തുണ ഉറപ്പാക്കുക.<br>എല്ലാ കുട്ടികളും അർത്ഥ പൂർണ്ണമായി വായിക്കുകയും എഴുതുകയും ചെയ്യുന്നുവെന്നു ഉറപ്പാക്കുക.<br><br>എല്ലാ കുട്ടികളും ഓരോ പ്രായഘട്ടത്തിനും അനുയോജ്യമാം വിധം മികച്ച നിലയിൽ ആശയ വിനിമയം നടത്തുന്നതിനുള്ള ശേഷി നേടി എന്നുറപ്പാക്കുക. | ജൂൺ – മാർച്ച് | SRG,<br>Class Teacher | |
| 2. വിജ്ഞാന വീഥി | പത്രവായനയെ പ്രോത്സാഹിപ്പിക്കുകയും കുട്ടികളിൽ പൊതുവിജ്ഞാനം വളർത്തുകയും ചെയ്യുക | ജൂൺ – മാർച്ച് | Class Teacher<br>Librarian | PTA, Sponsors |
| 3. വായന മരം | ലൈബ്രറി പ്രവർത്തനങ്ങൾ സജീവമാക്കുകയും കുട്ടികളിൽ വായന ശീലം വളർത്തുകയും ചെയ്യുക | ജൂൺ – മാർച്ച് | Librarian<br>Class Teacher | |

| പ്രവർത്തനത്തിന്റെ പേര് | ലക്ഷ്യം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 4. ഹോം ലൈബ്രറി | വീട്ടിൽ ചെറിയ ലൈബ്രറി സ്ഥാപിച്ചുകൊണ്ട് വായനയെ നിത്യജീവിതത്തിന്റെ ഭാഗമാക്കുക | ജൂൺ – മാർച്ച് | Class Teacher, MPTA | |
| 5. കുട്ടികളുടെ ആകാശവാണി<br><br>വാർത്തകൾ, കൗതുകവാർത്തകൾ, കായികവാർത്തകൾ, വിജ്ഞാനവീഥി, പ്രഭാഷണങ്ങൾ, അറിയിപ്പുകൾ, സർഗ്ഗപരിപാടികൾ, കാവ്യാലാപനം എന്നിവ അവതരിപ്പിക്കാൻ അവസരം | മികച്ച നിലയിൽ ആശയ വിനിമയം നടത്തുന്നതിനുള്ള ശേഷി നേടി എന്നുറപ്പാക്കുക.<br><br>ആശയങ്ങൾ വിവിധതരത്തിൽ ആവിഷ്ക്കരിക്കുന്നതിനുള്ള കഴിവുനേടുക. | ജൂൺ – മാർച്ച് | Class Teacher, SRG | |
| 6. പൗരപ്രമുഖരുമായുള്ള സംവാദം | ആശയവിനിമയശേഷി വികസിപ്പിക്കുക | ജൂൺ – മാർച്ച് | SRG, PTA | |
| 7. പതിപ്പുകൾ തയ്യാറാക്കൽ:<br><br>കുട്ടികളുടെ പതിപ്പുകൾ, ക്ലാസ് പതിപ്പുകൾ എന്നിവ തയ്യാറാക്കുകയും അവയുടെ എഡിറ്റിംഗ് പരിശീലനം നൽകുകയും ചെയ്യുക. | കുട്ടികളുടെ സാഹിത്യ അഭിരുചി വളർത്തുക.<br><br>സർഗ്ഗാത്മക രചനയ്ക്കുള്ള അവസരം സൃഷ്ടിക്കുക. | ജൂൺ – മാർച്ച് | Class Teacher, SRG | |
| 8. മലയാളം കമ്പ്യൂട്ടിംഗ്: | മലയാളം കമ്പ്യൂട്ടിംഗ് പരിശീലിപ്പിക്കുക.<br><br>ആധുനിക സാങ്കേതികവിദ്യാ സാധ്യതകളെ പ്രയോജനപ്പെടുത്തുക | ജൂൺ – മാർച്ച് | PSITC | |

## വിഷയം – ഇംഗ്ലീഷ്

| പ്രവർത്തനത്തിന്റെ പേര് | ലക്ഷ്യം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1. ഇംഗ്ലീഷ് അസംബ്ലി | ഇംഗ്ലീഷിൽ ആത്മവിശ്വാസത്തോടെ ആശയവിനിമയം നടത്തുന്നതിന് എല്ലാ കട്ടികളെയും പ്രാപ്തരാക്കുക | ജൂൺ – മാർച്ച് | Class Teacher | |
| 2. റോൾ പ്ലേ / സ്കിറ്റ് | ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് അവസരമൊരുക്കുക.<br>ഇംഗ്ലീഷിൽ ആത്മവിശ്വാസത്തോടെ ആശയവിനിമയം നടത്തുന്നതിന് എല്ലാ കട്ടികളെയും പ്രാപ്തരാക്കുക | ജൂൺ – മാർച്ച് | Class Teacher, SRG | |
| 3. Reading Corner | സ്വതന്ത്ര വായനയ്ക്കും എഴുത്തിനും സജ്ജരാക്കുക.<br>ഇംഗ്ലീഷ് സാഹിത്യം ആസ്വദിക്കുന്നതിനും സർഗ്ഗാത്മക രചനകൾ നടത്തുന്നതിനും ശേഷി വളർത്തുക. | ജൂൺ – മാർച്ച് | SRG, PTA | |
| 4. E-Cube Learning | സാങ്കേതികവിദ്യാ സാധ്യതകൾ ഇംഗ്ലീഷ് ഭാഷാവികാസത്തിന് പ്രയോജനപ്പെടുത്തുക.<br>സ്വതന്ത്ര വായനയ്ക്കും<br>ഇംഗ്ലീഷ് സാഹിത്യം ആസ്വദിക്കുന്നതിനും സർഗ്ഗാത്മക രചനകൾ നടത്തുന്നതിനും ശേഷി വളർത്തുക. | ജൂൺ – മാർച്ച് | Class Teacher, PSITC | |

| പ്രവർത്തനത്തിന്റെ പേര് | ലക്ഷ്യം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 5. English Fest | ഇംഗ്ലീഷിൽ ആത്മവിശ്വാസത്തോടെ ആശയവിനിമയം നടത്തുന്നതിന് എല്ലാ കട്ടികളെയും പ്രാപ്തരാക്കുക<br><br>ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് അവസരമൊരുക്കുക.<br><br>സ്വതന്ത്ര വായനയ്ക്കും എഴുത്തിനും സജ്ജരാക്കുക. | മാർച്ച് | SRG, PTA | Staff, PTA.SSK |
| 6. Magazine | സർഗ്ഗാത്മക രചനകൾ നടത്തുന്നതിന് അവസരമൊരുക്കുക. | മാർച്ച് | Class Teacher, SRG | SMC, PTA |
| 7. e-Readng | സാങ്കേതികവിദ്യാ സാധ്യതകൾ ഇംഗ്ലീഷ് ഭാഷാവികാസത്തിന് പ്രയോജനപ്പെടുത്തുക.<br>സ്വതന്ത്ര വായനയ്ക്കും ഇംഗ്ലീഷ് സാഹിത്യം ആസ്വദിക്കുന്നതിനും അവസരമൊരുക്കുക. | ജൂൺ – മാർച്ച് | Class Teacher, PSITC | |

**വിഷയം – പരിസര പഠനം**

| പ്രവർത്തനത്തിന്റെ പേര് | ലക്ഷ്യം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1. ശാസ്ത്ര മൂല | കുട്ടികളിൽ ശാസ്ത്രാഭിരുചി വളർത്തുക.<br>ലഘു പരീക്ഷണങ്ങൾ ചെയ്യാനുള്ള അവസരം സൃഷ്ടിക്കുക | ജൂൺ – മാർച്ച് | Class Teacher, SRG | Staff, PTA.SSK |
| 2. പരീക്ഷണക്കളരി | ശാസ്ത്രപഠനത്തിൽ താൽപര്യം വളർത്തുക, ശാസ്ത്രാവബോധം, ശാസ്ത്രീയമനോഭാവം എന്നിവ വികസിപ്പിക്കുക. | ഒക്ടോബർ | Class Teacher, SRG | SMC, PTA |
| 3. ശാസ്ത്രപ്രദർശനങ്ങൾ | ശാസ്ത്രത്തിന്റെ രീതി സ്വായത്തമാക്കാനുള്ള അനുഭവങ്ങൾ ഒരുക്കുക. ശാസ്ത്രാവബോധം, ശാസ്ത്രീയ മനോഭാവം എന്നിവ വികസിപ്പിക്കുക. | സെപ്റ്റംബർ | Class Teacher, SRG | SMC, PTA |
| 4.ശാസ്ത്രജ്ഞന്മാരെ പരിചയപ്പെടൽ ( പ്രദർശനങ്ങൾ ) | ശാസ്ത്രപഠനത്തിൽ താൽപര്യം വളർത്തുക, ശാസ്ത്രാവബോധം, ശാസ്ത്രീയമനോഭാവം എന്നിവ വികസിപ്പിക്കുക. | ഡിസംബർ | Class Teacher, SRG | |
| 5. ശാസ്ത്ര ദിനങ്ങൾ ആചരിക്കൽ | ശാസ്ത്രരംഗത്തെ നൂതനാശയങ്ങൾ കട്ടികളെ പരിചയപ്പെടുത്തുക. ശാസ്ത്രാവബോധം, ശാസ്ത്രീയ മനോഭാവം എന്നിവ വികസിപ്പിക്കുക. | ജൂൺ – മാർച്ച് | Class Teacher, | |

| പ്രവർത്തനത്തിന്റെ പേര് | ലക്ഷ്യം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 6. പ്രകൃതിപഠനയാത്രകൾ | ശാസ്ത്രത്തിന്റെ രീതി സ്വായത്തമാക്കാനുള്ള അനുഭവങ്ങൾ ഒരുക്കുക. കുട്ടികളിൽ ശാസ്ത്രാഭിരുചി വളർത്തുക. | ഒക്ടോബർ | Class Teacher, SRG | Staff, PTA |
| 7. ശാസ്ത്രോപകരണ നിർമ്മാണം | ശാസ്ത്രപഠനത്തിൽ താൽപര്യം വളർത്തുക, ശാസ്ത്രാവബോധം, ശാസ്ത്രീയമനോഭാവം എന്നിവ വികസിപ്പിക്കുക.<br>ലഘു പരീക്ഷണങ്ങൾ ചെയ്യാനുള്ള അവസരം സൃഷ്ടിക്കുക | നവംബർ | Class Teacher, SRG | SMC, PTA |
| 8. Save Earth | പ്ലാസ്റ്റിക് ഉപയോഗം നിരുത്സാഹപ്പെടുത്തൽ ശാസ്ത്രാവബോധം, ശാസ്ത്രീയ മനോഭാവം എന്നിവ വികസിപ്പിക്കുക. | ജൂൺ – മാർച്ച് | Class Teacher, SRG | SMC, PTA |
| 9. പ്രാദേശിക ഭൂപടം തയ്യാറാക്കൽ | ചരിത്രവസ്തുതകൾ രേഖപ്പെടുത്താൻ പരിശീലിക്കൽ | നവംബർ | Class Teacher, SRG | |
| 10.ക്ലാസ് തല ബാലസഭകൾ | ജനാധിപത്യ ജീവിത സംസ്കാരം വളർത്തിയെടുക്കുക. | Monthly | Class Teacher | |
| 11. Stellarium, Marble, Kgeogrphy Softwares in Ubuntu | സാങ്കേതികവിദ്യാ സാധ്യതകൾ പ്രയോജനപ്പെടുത്തുക. | ജൂൺ – മാർച്ച് | ജൂൺ – മാർച്ച് | |

**വിഷയം – ഗണിതം**

| പ്രവർത്തനത്തിന്റെ പേര് | ലക്ഷ്യം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1. ഗണിതം മധുരം | അടിസ്ഥാന ഗണിതശേഷികൾ നേടുക. ആവശ്യമായ പഠന പിന്തുണ ഉറപ്പാക്കുക. | ജൂൺ – മാർച്ച് | Class Teacher, SRG | |
| 2. Honesty Shop | ഗണിതത്തെ ജീവിതവുമായി ബന്ധപ്പെടുത്തുക. | ജൂൺ – മാർച്ച് | Class Teacher, SRG | SMC, PTA |
| 3. ഒറിഗാമി, ടാൻഗ്രാം | ശിശുസൗഹൃദ ഗണിതശാസ്ത്ര പഠനം | ജൂൺ – ആഗസ്റ്റ് | Class Teacher, | |
| 4. ഗണിതമാഗസിൻ | ഗണിതാഭിരുചി വളർത്തുക<br>ഗണിത ശാസ്ത്രജ്ഞന്മാരെ പരിചയപ്പെടുക | മാർച്ച് | Class Teacher | SMC, PTA |
| 5. ഗണിത കളികൾ പസിലുകൾ | ഗണിതാഭിരുചി വളർത്തുക.<br>ശിശുസൗഹൃദ ഗണിതശാസ്ത്ര പഠനം | ജൂൺ – മാർച്ച് | Class Teacher | |

## വിഷയം – ഭൗതിക സാഹചര്യ വികസനം

| പ്രവർത്തനത്തിന്റെ പേര് | ലക്ഷ്യം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1. ഐ.ടി ലാബ്<br>Laptop -5<br>5KVA Invertor<br>Sound System 5.1 | പുതിയ പഠനപ്രക്രിയയിൽ സാങ്കേതികവിദ്യയ്ക്ക് വളരെയധികം പ്രാധാന്യം കൽപ്പിക്കുന്നു. ക്ലാസ് മുറികളെ സജീവമാക്കുന്നതിന് ഇവയ്ക്ക് പ്രധാനസ്ഥാനമുണ്ട്. ഭാഷാപഠനത്തിനും അധിക വായനയ്ക്കും ഇവയെ ഉപയോഗപ്പെടുത്താ വുന്നതാണ്. കൂടാതെ കളിപ്പെട്ടി (ഐസി.റ്റി പാഠപുസ്തകം) പ്രവർത്തന ങ്ങൾക്ക് ഒരു ലാബ് | 2 വർഷം | HM, PSITC, PTA, SMC | എം.എൽ.എ ഫണ്ട് / എം.പി ഫണ്ട് / പഞ്ചായത്ത് ഫണ്ട് |
| 2. ലൈബ്രറി<br>പത്രങ്ങളും മറ്റ് ആനുകാലികങ്ങളും എൽ.പി വിഭാഗം കുട്ടികളുടെ നിലവാരത്തിന് അനുസരിച്ചുള്ള ബാലസാഹിത്യകൃതികളും ലഭ്യമാകണം. | കുട്ടികളിൽ വായനയെ വളർത്തുന്ന തിനും പരിപോഷിപ്പിക്കുന്നതിനും | 1 വർഷം | HM, Librarian, PTA, SMC | വ്യക്തികൾ, സ്ഥാപന ങ്ങൾ, ക്ലബ്ബുകൾ, തദ്ദേശസ്വദന സ്ഥാപനങ്ങൾ എന്നിവരുടെ സഹകരണത്തോടെ ഇത് സാധ്യമാക്കാം |
| 3. കുട്ടികളുടെ പാർക്ക് | എൽ.കെ.ജി മുതൽ നാലു വരെയുള്ള ക്ലാസുകളിലെ കുട്ടികളാണ് ഇവിടെ പഠിക്കുന്നത്. അവർക്ക് വിനോദത്തിനും കായിക പരിശീലന ത്തിനും | 1 വർഷം | HM, PTA, SMC | എം.എൽ.എ ഫണ്ട് / എം.പി ഫണ്ട് / പഞ്ചായത്ത് ഫണ്ട് |

| പ്രവർത്തനത്തിന്റെ പേര് | ലക്ഷ്യം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 4. അടുക്കള പച്ചക്കറിത്തോട്ടം | കൃഷിപാഠങ്ങൾ മനസ്സിലാക്കുന്നതിനും കൃഷിയെ ജീവിതത്തിന്റെ ഭാഗമാക്കുന്നതിനും ഉച്ചക്ഷണത്തിന് വിഷരഹിത പച്ചക്കറികൾ ലഭിക്കുന്നതിനുമായി പച്ചക്കറിത്തോട്ടം സ്ഥാപിക്കണം. | മൂന്ന് മാസം | HM,PTA, SMC | വ്യക്തികൾ, കൃഷിഭവൻ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുടെ പങ്കാളിത്തത്തോടെ |
| 5. ശലഭോദ്യാനം / ജൈവ വൈവിധ്യ പാർക്ക് | പഠന പ്രവർത്തനങ്ങളെ പരിസ്ഥിതിയുമായി ബന്ധപ്പെടുക. കുട്ടികളിൽ പരിസ്ഥിതി സ്നേഹം വളർത്തുക. പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങളിൽ പങ്കാളികളാക്കുക. | 2 വർഷം | HM,PTA, SMC | വ്യക്തികൾ, കൃഷിഭവൻ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുടെ പങ്കാളിത്തത്തോടെ |
| 6. സോളാർ പ്ലാന്റ് | പരിസ്ഥിതി മലിനീകരണം ഉണ്ടാക്കാത്ത, കാലാവസ്ഥയ്ക്ക് കോട്ടം വരുത്താത്ത പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളെ ഉപയോഗപ്പെടുത്തുകയും അതുവഴി വൈദ്യുതി ബില്ല് കുറയ്ക്കുകയും ചെയ്യുക | 5 വർഷം | HM,PTA, SMC | എം.എൽ.എ ഫണ്ട് / എം.പി ഫണ്ട് / പഞ്ചായത്ത് ഫണ്ട് |
| 7. ഇന്ററാക്ടീവ് സ്മാർട്ട് ബോർഡ് | ക്ലാസ് മുറികളെ സജീവമാക്കുന്നതിന് സാങ്കേതികവിദ്യാ സാധ്യതകൾ പ്രയോജനപ്പെടുത്തുക. | 4 വർഷം | HM, PTA, SMC | എം.എൽ.എ ഫണ്ട് / എം.പി ഫണ്ട് / പഞ്ചായത്ത് ഫണ്ട് |
| 8. സ്മാർട്ട് ക്ലാസ് മുറികൾ | ക്ലാസ് മുറികളെ സജീവമാക്കുന്നതിന് സാങ്കേതികവിദ്യാ സാധ്യതകൾ പ്രയോജനപ്പെടുത്തുക. | 5 വർഷം | HM, PTA, SMC | എം.എൽ.എ ഫണ്ട് / എം.പി ഫണ്ട് / പഞ്ചായത്ത് ഫണ്ട് വ്യക്തികൾ, സ്ഥാപനങ്ങൾ, FSA |

| പ്രവർത്തനത്തിന്റെ പേര് | ലക്ഷ്യം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 9. മൾട്ടി മീഡിയ റൂം<br><br>High Resolution Projector<br>Sound System 5.1<br>Cushion Chairs - 30<br>Screen (Large Size)<br>AC 2 ton Capacity -2 | ദിനാചരണ പ്രവർത്തനങ്ങൾക്കും പഠന പ്രവർത്തനങ്ങൾക്കും ബോധവത്ക്കരണ ക്ലാസുകൾക്കും ഉപയോഗപ്പെടുത്തുക.<br>മികച്ച തീയറ്റർ അനുഭവം സൃഷ്ടിക്കുക.<br>ബാല ചലച്ചിത്രങ്ങൾ പ്രദർശിപ്പിക്കുക<br>സിനിമാസ്വാദനം വളർത്തുക. | 4 വർഷം | HM, PTA, SMC | എം.എൽ.എ ഫണ്ട് /<br>എം.പി ഫണ്ട് /<br>പഞ്ചായത്ത് ഫണ്ട്,<br>വ്യക്തികൾ,<br>സ്ഥാപനങ്ങൾ, FSA |
| 10. മനോഹരമായ പ്രവേശന കവാടവും ചുറ്റുമതിലും ഗേറ്റും | സ്കൂൾ ആകർഷകമാക്കുക.<br>കുട്ടികളുടെ സുരക്ഷ ഉറപ്പാക്കുക | 5 വർഷം | HM, PTA, SMC | എം.എൽ.എ ഫണ്ട് /<br>എം.പി ഫണ്ട് /<br>പഞ്ചായത്ത് ഫണ്ട്,<br>വ്യക്തികൾ, സ്ഥാപനങ്ങൾ, FSA |
| 11. സ്കൂൾ ബസ് | കുട്ടികൾക്ക് യാത്ര ചെയ്യുന്നതിനായി സ്വന്തമായി ഒരു വാഹനം | 2 വർഷം | | എം.എൽ.എ ഫണ്ട് /<br>എം.പി ഫണ്ട് |
| 12. പ്രീ പ്രൈമറി ക്ലാസ് മനോഹരമാക്കൽ | ശിശുസൗഹൃദ ക്ലാസ് മുറി സജ്ജമാക്കൽ<br>പഠനത്തെ രസകരമാക്കുക | 2 വർഷം | | പഞ്ചായത്ത് ഫണ്ട്,<br>വ്യക്തികൾ, സ്ഥാപനങ്ങൾ, SSK, FSA |
| 13. അപ്പർ പ്രൈമറി സ്കൂൾ ആയി ഉയർത്തൽ | കുട്ടികൾക്ക് തുടർപഠന സാധ്യത ഉറപ്പാക്കുക | 15 വർഷം | HM, PTA, SMC | പൊതുവിദ്യാഭ്യാസ വകുപ്പ് |

മേഖല – അക്കാദമികം

ഉപമേഖല – ഭാഷ

ക്ലാസ് I

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അടിസ്ഥാന ഭാഷാ ശേഷി വികസനം | 1) ഭാഷാ കളരി കുട്ടികളിലും പാട്ടുകളും കഥ കളുമായി കുട്ടി കൂട്ടങ്ങൾ സംഘടിപ്പിക്കൽ. | സെപ്തംബർ<br>ഒക്ടോബർ | ക്ലാസ് ടീച്ചർ<br>SRG<br>SMC<br>സ്കൂൾ വികസന സമിതി. | SMC |
| | 2) അമ്മ പറയട്ടെ<br>അമ്മമാർ കുട്ടി ക്കഥകൾ അവതരിപ്പി ക്കുന്നു. | ജൂലൈ<br>ഡിസംബർ<br>ജനുവരി മാസത്തിലൊരിക്കൽ | ക്ലാസ് ടീച്ചർ<br>SRG<br>മദർ പി.ടി.എ. | മദർ പി.ടി.എ. |

**മേഖല – അക്കാദമികം**

**ഉപമേഖല – ഭാഷ**

**ക്ലാസ് – II**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശ കലനം |
|---|---|---|---|---|
| ഉചിതമായ വ്യവഹാര രൂപ ങ്ങളിലുള്ള ലേഖന മികവ് | 1) എഴുത്തും കുത്തും ലഘു രചനയിലേക്ക് നയിക്കുന്ന രചനാ ക്യാമ്പു കൾ<br>2) ലഘുപതി പ്പുകൾ തയ്യാറാ ക്കൽ. | ഒക്ടോബർ<br>നവംബർ<br>ഡിസംബർ | SRG<br>SMC<br>ക്ലബ്ബുകൾ<br>മദർ പി.ടി.എ<br>സ്റ്റാഫ്. | മദർ പി.ടി.എ |
| സർഗാത്മകതയെ തട്ടിയു ണർത്താം | 1) രചനാശില്പ ശാല കഥ, കവിത, രചന കൾക്കുള്ള വേദിയൊരുക്കൽ | ഡിസംബർ<br>ജനുവരി | SMC<br>അദ്ധ്യാപകർ<br>ക്ലബ്ബുകൾ<br>പ്രമുഖ വ്യക്തി കൾ | SRG<br>SMC |

**മേഖല - അക്കാദമികം**

**ഉപമേഖല - ഭാഷ**

**ക്ലാസ് - III**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സാഹിത്യ പ്രതിഭകളെ അടുത്തറിയാം | 1) കവികളെ കുറിച്ചുള്ള ഡോക്യുമെന്ററി പ്രദർശനം | ജൂൺ | അദ്ധ്യാപകർ SMC | SMC |
| | 2) പുസ്തക ശേഖരണവും പ്രദർശനവും | ജൂൺ ഡിസംബർ | അദ്ധ്യാപകർ SMC | SMC |
| | 3) ചിത്ര ഗ്യാലറി | ജനുവരി | മദർ പി.ടി.എ ക്ലബ്ബുകൾ | |
| വായനാ പരിപോഷണം | 1) പൊതു സമൂഹവുമായി ബന്ധപ്പെട്ട് പുസ്തക ശേഖരണം | നവംബർ | വായനശാല SMC SRG | ക്ലബ്ബ് SMC SRG |
| | 2) വായനാക്കളരി | ആഴ്ചയിലാണ് | | |
| | 3) നാട്ടുവായന - പ്രാദേശിക എഴുത്തുകാരുമായുള്ള സംവാദം | ആഗസ്ത് | ക്ലബ്ബുകൾ സാഹിത്യ ക്ലബ്ബ് | വായനശാല |

# മലയാള ഭാഷ (Std IV)

| മധുരം മലയാളം | | | | |
|---|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനം** | **കാലം** | **ചുമതല** | **സാമ്പത്തികം** |
| ഭാഷാ പരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | ഭാഷാ പരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേകം പരിശീലനം സംഘടിപ്പി ക്കൽ. ആവശ്യമായ സാമഗ്രികൾ ഒരുക്കൽ | ലക്ഷ്യം നേടുന്നതുവരെ | SRG<br>ക്ലാസ് ടീച്ചർ | PTA ഫണ്ട് |
| **വായിക്കാം വളരാം** | | | | |
| വായനാ ശേഷി വളർത്തൽ | ക്ലാസ് വായനാ കൂട്ടം.<br>ക്ലാസ് ലൈബ്രറി ഒരുക്കൽ-<br>പുസ്തകപരിചയം<br>വായനാ കുറിപ്പ്<br>ആസ്വാദ കുറിപ്പ്.<br>പുസ്തക സംവാദം<br>ആനുകാലിക വായന | വർഷം മുഴുവൻ | HM<br>SRG<br>Class Teacher<br>CPTA | PTA |
| **എഴുതാം തെളിയാം** | | | | |
| എഴുത്ത് പരിപോഷിപ്പിക്കൽ | പാഠഭാഗങ്ങളിൽ നിന്നും പഠനപ്രവർത്തനങ്ങളിൽ നിന്നും നേടിയ ശേഷികൾ | പ്രതിമാസം (വർഷം മുഴുവൻ) | SRG<br>Class Teacher | PTA |
| **എഴുത്തുകാരുമായി സംവദിക്കൽ** | | | | |
| ലേഖന ശേഷി വർദ്ധിപ്പിക്കൽ - സാഹിത്യകാരൻമാരെ അടുത്തറിയൽ | സാഹിത്യകാരന്മാരുമായി എഴുത്തിലൂടെ സംവദിക്കൽ | ആവശ്യാനുസരണം | Class Teacher | |

| | | | | |
|---|---|---|---|---|
| **കണ്ടറിയാം... കേട്ടറിയാം...** | | | | |
| അറിവ് ഡോക്യുമെന്ററിയിലൂടെ നേടൽ (ICT) | പാഠഭാഗങ്ങളു മായി ബന്ധപ്പെട്ട വിവിധ വീഡിയോകൾ സംഘടിപ്പിക്കൽ, പ്രദർ ശിപ്പിക്കൽ | ആവശ്യാനുസരണം | Class Teacher | PTA |
| **രുചിച്ചറിയാം...** | | | | |
| നമ്മുടെ പ്രാചീന (നാടൻ) ഭക്ഷണങ്ങൾ പരിചയപ്പെടൽ | ഭക്ഷ്യമേള - പാചക കുറിപ്പടങ്ങിയ പതിപ്പ് നിർമ്മാണം. ക്ലാസിലൊരു സദ്യ | വർഷത്തിലൊന്ന് | SRG<br>Class Teacher<br>PTA | |
| **ഓർക്കാം - അഭിമാനിക്കാം (സാഹിത്യകാരന്മാർ)** | | | | |
| സാഹിത്യകാരന്മാരുടെ ജന്മ- ചരമ ദിനാചരണങ്ങൾ സംഘടിപ്പിക്കൽ അടുത്തറിയൽ | ഓർമ്മദിനങ്ങൾ ആചരിക്കൽ - ഡോക്യുമെന്ററി പ്രദർശനം - പുസ്തക പരിചയം - ക്വിസ് ലഘു പ്രഭാഷണം ജീവിതരേഖ തയ്യാറാക്കൽ പതിപ്പ് നിർമ്മാണം - പ്രദർശനം | ആവശ്യാനുസരണം | SRG<br>Class Teacher<br>CPTA | |
| **കലക്കൂട്ട്** | | | | |
| പാഠഭാഗവുമായി ബന്ധപ്പെട്ട കലകൾ - നേരിട്ടറിയൽ | പ്രദേശവാസികളായ കലാകാരന്മാരുടെ സേവനം ക്ലാസ് മുറിയിലേക്ക് കലാവതരണം. കലയുമായി ബന്ധപ്പെട്ട ഉപകരണങ്ങൾ, ചമയങ്ങൾ പ്രദർശനം | വർഷത്തിലൊന്ന് | HM<br>SRG<br>CPTA<br>Class Teacher | PTA |
| **സർഗ്ഗോത്സവം** | | | | |
| ഭാഷാ പഠനത്തിന്റെ ഭാഗമായി നേടിയ ശേഷികൾ ആത്മവിശ്വാസത്തോടെ അവതരിപ്പിക്കൽ | കുട്ടികളുടെ സർഗ്ഗശേഷികളുടെ പ്രദർശനം | വർഷത്തിലൊരിക്കൽ | HM<br>SRG<br>CPTA<br>Class Teacher | PTA |

**മേഖല - അക്കാദമികം**

**ഉപമേഖല - ഇംഗ്ലീഷ്**

**ക്ലാസ്- I**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷ് ഭാഷ ധാരാളമായി കേൾക്കുവാനുള്ള അവസരം ഒരുക്കൽ | കാർട്ടൂൺ പ്രദർശനം<br>സിനിമാ പ്രദർശനം | മാസത്തിൽ ഒന്ന് | SRG | S S A |
| | ളിഴഹശവെ റമ്യ ളിഴഹശവെ മലൈായഹ്യ. | ആഴ്ചയിൽ ഒന്ന് | Class Teacher | |

**മേഖല - അക്കാദമികം**

**ഉപമേഖല - ഇംഗ്ലീഷ്**

**ക്ലാസ് - II**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആത്മ വിശ്വാസത്തോടെ ഇംഗ്ലീഷ് ഭാഷ സംസാരിക്കുവാനുള്ള അവസരമൊരുക്കൽ | Let's talk...... പ്രതിഭാധനരുമായി സംവദിക്കൽ.<br>English ബാലസഭ.<br>ഇംഗ്ലീഷ് അസംബ്ലി One day English | മൂന്ന് മാസത്തിൽ ഒന്ന്<br>മാസത്തിൽ ഒന്ന്<br>ആഴ്ചയിൽ ഒന്ന് | SRG<br>Class Teacher<br>SMC | S S A |

മേഖല - അക്കാദമികം

ഉപമേഖല - ഇംഗ്ലീഷ്

ക്ലാസ്- III

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വായന - ആശയമറിഞ്ഞും ഒഴുക്കോടെയും | ക്ലാസ് ലൈബ്രറി വികസനം. | ജൂൺ - മാർച്ച് | | |
| | വാർത്താവായനാമത്സരം സംഘടിപ്പിക്കൽ | മാസത്തിൽ ഒന്ന് | | |
| | വായനാക്യാമ്പുകൾ | 3 മാസത്തിൽ ഒന്ന് | | |
| | ബാല പ്രസിദ്ധീകരണങ്ങളുടെ വായന | ജൂൺ - മാർച്ച് | | |

# ENGLISH- IV

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| **ഇംഗ്ലീഷ് അസംബ്ലി (ഇംഗ്ലീഷ് ഭാഷാ പഠനം)** | | | | |
| ഇംഗ്ലീഷ് ഫലപ്രദമായി വായിക്കാനും സംസാരിക്കാനും എഴുതുവാനുമുള്ള ശേഷി മെച്ചപ്പെടുത്തൽ | ആഴ്ചയിൽ രണ്ടു ദിവസം അസംബ്ലി ചേരൽ (അസംബ്ലിയുടെ മുഴുവൻ നിയന്ത്രണവും കുട്ടികൾക്ക്) | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ | |
| **ഇംഗ്ലീഷ് ഡയറി (ഇംഗ്ലീഷ് ഭാഷാ പഠനം)** | | | | |
| തെറ്റില്ലാതെ ഇംഗ്ലീഷ് എഴുതാനുള്ള ശേഷി | നിത്യവും വീട്ടിലും വിദ്യാ ലയത്തിലും നടത്തുന്ന പ്രവർത്തനങ്ങൾ ഇംഗ്ലീഷ് ഡയറി കുറിപ്പായി എഴുതൂ. | ആഴ്ചയിൽ മൂന്നു ദിവസം (വർഷം മുഴുവൻ) | ക്ലാസ് ടീച്ചർ | |
| **ഇംഗ്ലീഷ് തിയേറ്റർ (ഇംഗ്ലീഷ് ഭാഷാ പഠനം)** | | | | |
| സർഗാത്മകതാ പരിപോഷണം | ഇംഗ്ലീഷ് പാഠഭാഗങ്ങളെ വ്യവഹാര രൂപങ്ങളാക്കി അവതരിപ്പിക്കൽ (Skit, Drama, Conversation, Story Telling) | മാസത്തിലൊന്ന് | ക്ലാസ് ടീച്ചർ | S M C |
| **ഇംഗ്ലീഷ് മാഗസിൻ** | | | | |
| സർഗാത്മകതാ രചനശേഷി വികസനം | മൂന്നു മാസം കൂടുമ്പോൾ കുട്ടികളുടെ രചനകൾ ഉൾപ്പെടുത്തിക്കൊണ്ട് മാസിക തയ്യാറാക്കൽ | മൂന്ന് മാസത്തിലൊരിക്കൽ | HM<br>Class Teacher<br>SMC | S M C |

# ENGLISH- IV

| | | | | |
|---|---|---|---|---|
| **ഇംഗ്ലീഷ് കൈയെഴുത്ത്** | | | | |
| ഇംഗ്ലീഷ് ഭാഷയി ലുള്ള രചനാ മികവ് | സ്കൂളിലെ വിശേഷ ദിവസ ങ്ങളിലെ പ്രവർത്ത നങ്ങൾ ഉൾക്കൊ ള്ളിച്ച് സുഹൃത്തുക്ക ളുമായി കത്തിട പാട് | മാസത്തിലൊന്ന് | ക്ലാസ് ടീച്ചർ | PTA |
| **ഇംഗ്ലീഷ് കോർണർ** | | | | |
| വായനാ പരിപോ ഷണം | കുട്ടികളുടെ നില വാരത്തിനനുസ രിച്ച പുസ്തകങ്ങൾ ഉൾക്കൊള്ളിച്ച് വായനാ മൂല ഒരു ക്കൽ<br><br>വായനാവേള ഒരു ക്കൽ<br><br>വായനാകുറിപ്പ് - പുസ്തക പരിചയം | രണ്ടാഴ്ചയിൽ ഒന്ന് | ക്ലാസ് ടീച്ചർ | രക്ഷിതാക്കൾ |
| **ഇംഗ്ലീഷ് ഫെസ്റ്റ്** | | | | |
| ഇംഗ്ലീഷ് നന്നായി പറയുവാനും എഴു തുവാനും കഴി യുന്ന നിലവാരത്തി ലെത്തിക്കൽ (ഇംഗ്ലീഷ് ഭാഷ കൈകാര്യം ചെയ്യു ന്നതിൽ ആത്മവി ശ്വാസമുണ്ടാക്കൽ) | വായനാ മത്സരം രചനാ മത്സരം മറ്റു സർഗാത്മക പ്ര വർത്തനങ്ങളുടെ അവതരണം | അവധിക്കാലം | ഒങ<br>ഇഹമൈ<br>ഠലമരവല്യ<br>ടങ്ങഇ<br>ഇഹമൈ ജഠഅ | ജഠഅ ളൗിറ<br>ടങ്ങഇ |

**മേഖല - അക്കാദമികം**

**ഉപമേഖല - പരിസരപഠനം**

**ക്ലാസ്- I**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആഹാര ശീലങ്ങളും, ഭക്ഷണ വസ്തുക്കളുടെ പ്രത്യേകതകളും തിരിച്ചറിവ്. | ഭക്ഷ്യമേള-പ്രദർശനം നാടൻ വിഭവങ്ങൾ ഉപയോഗിച്ചുള്ള പാചകവും രുചി അറിവും | ജൂൺ- ജൂലൈ ആഗസ്ത് | ക്ലാസ് ടീച്ചർ SRG SMC | SMC |
| പ്രകൃതിയെ അറിയുന്നതിനും ആസ്വദിക്കുന്നതിനും | പുഷ്പോദ്യാനം, ഔഷധത്തോട്ടം, ചുറ്റുവട്ടത്താകെ | ഡിസംബർ ജനുവരി | SRG SMC | |

## ക്ലാസ്- II

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശുചിത്വബോധമുള്ള വ്യക്തിത്വവും സമൂഹവും സൃഷ്ടിക്കുന്നതിന്. | ശുചിത്വ സർവ്വേ<br>ക്ലാസുകൾ<br>പോസ്റ്റർ രചനാ മത്സരം<br>അവതരണങ്ങൾ | ജൂൺ, ജൂലൈ | ക്ലാസ് ടീച്ചർ<br>SRG<br>SMC | |
| പ്രകൃതിയെ അറിയാൻ. | പ്രകൃതി നടത്തം<br>കാഴ്ചബംഗ്ലാവിലേക്ക്.<br>കാണാക്കാഴ്ചകൾ - ഇഉ | സപ്തംബർ<br>ഡിസംബർ | ടീച്ചേർസ്<br>SRG<br>SMC | SMC |
| നാടറിയാൻ - നാട്ടറിവുകൾ | കർഷകരുമായി അഭിമുഖം.<br>കൃഷിയിടത്തിലേക്ക്.<br>നമുക്കും കർഷകരാകാം | ജനുവരി | SRG<br>SMC<br>നാട്ടുകാർ | |

–

## ക്ലാസ് - III

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്രാവബോധം വളർത്തുക | കണ്ടെത്താം അറിയാം<br>ലഘു പരീക്ഷണങ്ങൾ കണ്ടെത്തുന്നു.<br>കുറിപ്പു തയ്യാറാക്കൽ. | ജൂൺ<br>ജൂലൈ<br>ആഗസ്ത് | **Class teacher** | |
| പ്രകൃതി വിഭവ സംരക്ഷണം | ജൈവ-വൈവിധ്യ പാർക്ക്<br>തടയണ, മഴക്കുഴിനിർമ്മാണം<br>ജലസ്രോതസ്സുകൾ<br>പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങളിലെ പങ്കാളിത്തം | ജൂലൈ<br>ഡിസംബർ | **Class teacher<br>PTA,SMC** | **Panchayat<br>PTA,SMC** |
| ശാസ്ത്ര പരീക്ഷണങ്ങളിൽ താൽപര്യം ജനിപ്പിക്കൽ | ശാസ്ത്ര പ്രതിഭകളെ അടുത്തറിയാം<br>പരീക്ഷണം വീട്ടിനകത്തും<br>ശാസ്ത്ര മാസികകൾ | | **Class teacher** | |

## പരിസരപഠനം (Std IV)

| പ്രകൃതി നടത്തം | | | | |
|---|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനം** | **കാലയളവ്** | **ചുമതല** | **സാമ്പത്തികം** |
| നിരീക്ഷണം-അറിവു നിർമ്മാണം | പാഠഭാഗവുമായി ബന്ധപ്പെട്ട ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കൽ | ആവശ്യാനുസരണം | HM<br>CPTA | PTA |
| **ശാസ്ത്രമൂല** | | | | |
| ശാസ്ത്ര പഠനം ലളിതവും രസകരവുമാക്കൽ | ശാസ്ത്ര പഠനത്തിനാവശ്യമായ സാമഗ്രികൾ ഒരുക്കൽ പരീക്ഷണങ്ങൾ സംഘടിപ്പിക്കൽ | വർഷം മുഴുവൻ | HM<br>SRG<br>ക്ലാസ് ടീച്ചർ | PTA<br>SSA |
| **ശാസ്ത്രയാത്ര** | | | | |
| ശാസ്ത്ര പഠനത്തിൽ താൽപര്യം ജനിപ്പിക്കൽ-അന്വേഷണ ത്വര വളർത്തൽ | വാന നിരീക്ഷണ കേന്ദ്രം സയൻസ് പാർക്ക് ശാസ്ത്ര മെഡിക്കൽ പ്രദർശനങ്ങൾ ഫോക്ക്ലോർ അക്കാദമി ഇവ സന്ദർശിക്കൽ | ആവശ്യാനുസരണം | HM<br>SRG<br>CPTA<br>ക്ലാസ് ടീച്ചർ | PTA<br>രക്ഷിതാക്കൾ |
| **ഭൂപടമൊരുക്കാം** | | | | |
| കേരളം - ഇന്ത്യ-ഭൂപടവായന - സൂചിക - പരിചയപ്പെടൽ | ഭൂപട വായന ഭൂപട രചന സൂചികാനിർമ്മാണം കളഠ ഉപയോഗിക്കൽ | വർഷത്തിലൊന്ന് | SRG<br>ക്ലാസ് ടീച്ചർ | PTA |
| **ശാസ്ത്ര വിസ്മയ ചുമർ** | | | | |
| ശാസ്ത്രപഠനം രസകരമാക്കൽ | ശാസ്ത്ര പഠനവുമായി ബന്ധപ്പെട്ട വാർത്തകൾ, ചിത്രങ്ങൾ എന്നിവ പ്രദർശിപ്പിക്കൽ | ആവശ്യാനുസരണം | SRG<br>ക്ലാസ് ടീച്ചർ | PTA |
| **ശാസ്ത്രോത്സവം** | | | | |
| ശാസ്ത്ര പഠനത്തിലൂടെ നേടിയ അറിവുകളുടെ പ്രയോഗം | പതിപ്പ്, ചാർട്ട്, ആൽബം, പഠനോപകരണം, പരീക്ഷണം- ഇവയുടെ പ്രദർശനം | വർഷത്തിലൊരിക്കൽ | HM<br>SRG<br>ക്ലാസ് ടീച്ചർ | PTA |
| **ശാസ്ത്രമാസിക** | | | | |
| ശാസ്ത്ര പഠനത്തിലൂടെ നേടിയ അറിവുകളുടെ രചന | ശാസ്ത്ര മാസികകളുടെ നിർമ്മാണം | വർഷത്തിലൊന്ന് | HM<br>SRG<br>ക്ലാസ് ടീച്ചർ | PTA |

മേഖല - അക്കാദമികം

ഉപമേഖല - ഗണിതം

ക്ലാസ്- I

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കളികളും നിർമ്മാണ പ്രവർത്തനങ്ങളും ഉൾപ്പെടുത്തി ഗണിതം ലളിതമാക്കൽ | 1) ഗണിത മാഗസിൻ<br>2) ജ്യാമിതീയ രൂപങ്ങളുടെ നിർമ്മാണം ഏകദിനക്യാമ്പ്<br>3) ഗണിതക്യാമ്പ് ഗണിത പ്രവർത്തനങ്ങൾ കളിയിലൂടെ | ജൂൺ - മാർച്ച്<br>സപ്തംബർ<br>മാസത്തിൽ ഒന്ന് വീതം | ടഞഏ<br>ക്ലാസ് ടീച്ചർ<br>SRG<br>ക്ലാസ് ടീച്ചർ | S S A |

**മേഖല - അക്കാദമികം**

**ഉപമേഖല - ഗണിതം**

**ക്ലാസ്- II**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഗണിത ചിന്താ ശേഷി വളർത്തൽ | ഒരു ദിനം ഒരു ചോദ്യം (കുസൃതി കണക്കുകളും, ഗണിത പസിലുകളും പരിചയപ്പെടൽ)<br><br>ഗണിത ക്യാമ്പ് (ഗണിതം കളികളിലൂടെ) | ആഴ്ചയിൽ ഒന്ന് വീതം<br><br>മാസത്തിൽ ഒന്ന് വീതം | SRG<br>ക്ലാസ് ടീച്ചർ | S S A |

**ഉപമേഖല - ഗണിതം**

**ക്ലാസ്- III**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ജ്യാമിതീയ സൗന്ദര്യം തിരിച്ച റിയാം | ഒറിഗാമി ശില്പ ശാല രസകരമായി ഗണി തപഠനവും നിർമാണ പ്രവർ ത്തനങ്ങളുടെ ആസൂത്രണവും. ഒറിഗാമിടാൻഗ്രാം രൂപങ്ങൾ നിർമ്മി ക്കൽ, പ്രദർശിപ്പി ക്കൽ | ഒക്ടോബർ | SRG<br>PTA | S S A |
| ഗണിതം ലളിത മാക്കാം കളികളി ലൂടെ | മെട്രിക് മേള ഗണിതോത്സവം | ജനുവരി | SRG<br>ക്ലാസ് ടീച്ചർ | S S A<br>Staff<br>S M C |

## ഗണിതം (Std IV)

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| **കളിക്കാം..ഗണിക്കാം** | | | | |
| ഗണിത പഠനം രസകരമാക്കൽ (ചതുഷ്ക്രിയകൾ ലളിതമാക്കൽ) | വിവിധതരം കളികൾ ആസൂത്രണം ചെയ്യൽ- നടപ്പാക്കൽ- മൂല്യനിർണയം. (ഏണിയും പാമ്പും , ഡയസ് കളി) സങ്കലനം- വ്യവകലനം. (കച്ചവടക്കളി) | വർഷം മുഴുവൻ | SRG<br>ക്ലാസ് ടീച്ചർ | |
| **ഒറിഗാമിയിലൂടെ പഠിക്കാം..** | | | | |
| ഗണിത ശാസ്ത്ര പഠനം രസകരമാക്കൽ- കര ചലന ശേഷി വികാസം | ഒറിഗാമി രൂപങ്ങളുടെ നിർമ്മാണം പ്രദർശനം | വർഷത്തിലൊരിക്കൽ (ഉചിതമായ സമയത്ത് ) | ക്ലാസ് ടീച്ചർ | PTA |
| **ഗണിതലാബ്** | | | | |
| ഗണിത പഠന പ്രവർത്തനം സുതാര്യമാക്കൽ | ഗണിത ലാബ് ഒരുക്കൽ- പഠനത്തിന് ഉപയോഗപ്പെടുത്തൽ | വർഷം മുഴുവൻ | HM<br>SRG<br>ക്ലാസ് ടീച്ചർ | PTA |
| **ഗണിതച്ചുമർ** | | | | |
| ഗണിത രൂപങ്ങളുടെ പ്രായോഗിക മൂല്യം തിരിച്ചറിയൽ | ഗണിത ച്ചുമർ ഒരുക്കൽ ഉപയോഗപ്പെടുത്തൽ | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ | PTA |
| **ഗണിതപഠനോപകരണശില്പശാല** | | | | |
| പഠനോപകരണങ്ങളിലൂടെ ഗണിതപഠനം രസകരമാക്കൽ | പാഠഭാഗവുമായി ബന്ധപ്പെട്ട പഠനോപകരണങ്ങളുടെ നിർമ്മാണം - പ്രദർശനം | ആവശ്യാനുസരണം | ടഞഏ<br>ക്ലാസ് ടീച്ചർ | PTA |
| **ഗണിതമേള** | | | | |
| ഗണിത ശേഷികളുടെ പ്രകടനം | പ്രശ്നോത്തരി പസിൽ പാറ്റേൺ പഠന ഉൽപന്നങ്ങളുടെ പ്രദർശനം | വർഷത്തിലൊന്ന് | SRG<br>ക്ലാസ് ടീച്ചർ | PTA |

# ഗവ: എൽ.പി.എസ്, പടപ്പക്കര

## വാർഷിക പ്രവർത്തന കലണ്ടർ

അക്കാദമിക വർഷം : 2025-26

| മാസം | തീയതി | പ്രവർത്തനങ്ങൾ | ചുമതല |
|---|---|---|---|
| മെയ് | 23 | 2025-26 അക്കാദമിക വർഷത്തെ വിദ്യാലയ പ്രവർത്തന ആസൂത്രണം | ഹെഡ്മാസ്റ്റർ, പി.റ്റി.എ, എസ്.എം.സി, അധ്യാപകർ |
| | 23 | ഉച്ചക്ഷണ കമ്മിറ്റി രൂപീകരണം, ഉച്ചക്ഷണ വിതരണത്തിനുള്ള മുന്നൊരുക്കങ്ങൾ | ഹെഡ്മാസ്റ്റർ, പി.റ്റി.എ, എസ്.എം.സി, അധ്യാപകർ |
| | 30 | എസ്.ആർ.ജി. യോഗം, പ്രവേശനോത്സവം, ആസൂത്രണം, ക്ലാസ് ചുമതല വികേന്ദ്രീകരിക്കൽ | ഹെഡ്മാസ്റ്റർ, അധ്യാപകർ |
| ജൂൺ | 03 | പ്രവേശനോത്സവം, എസ്.ആർ.ജി & സ്റ്റാഫ് മീറ്റിംഗ്, ക്ലാസ് ടൈംടേബിൾ രൂപീകരണം, സൗജന്യ പാഠപുസ്തക വിതരണം, പ്രീടെസ്റ്റ് ആലോചനായോഗം, ക്ലബ്ബ് രൂപീകരണം, പി.റ്റി.എ.ജനറൽ ബോഡി ആസൂത്രണം. | ഹെഡ്മാസ്റ്റർ, പി.റ്റി.എ, എസ്.എം.സി, അധ്യാപകർ |
| | 05 | പരിസ്ഥിതി ദിനാചരണം, വൃക്ഷത്തൈ നടീൽ, പരിസ്ഥിതി സംരക്ഷണ പ്രതിജ്ഞ, ബോധവൽക്കരണം, പ്രത്യേക അസംബ്ലി പോസ്റ്റർ രചന | പരിസ്ഥിതി ക്ലബ്ബ് |
| | 10 | ഉച്ചഭക്ഷണ കമ്മിറ്റി | ഹെഡ്മാസ്റ്റർ |
| | 12 | ബാലവേല വിരുദ്ധ ദിനം | സാമൂഹ്യശാസ്ത്ര ക്ലബ്ബ് |
| | 13 | എസ്.ആർ.ജി. മീറ്റിംഗ്, വായനാ വാരാചരണം പ്രവർത്തനങ്ങൾ ആസൂത്രണം, പ്രീടെസ്റ്റ് ചോദ്യങ്ങൾ തയ്യാറാക്കലും നടത്തിപ്പും. | എസ്.ആർ.ജി |
| | 16 | പി.ടി.എ എക്സിക്യൂട്ടീവ് /എസ്.എം.സി അക്കാദമിക മാസ്റ്റർ പ്ലാൻ | ഹെഡ്മാസ്റ്റർ |
| | 17 | ചങ്ങമ്പുഴ ചരമദിനം, ചങ്ങമ്പുഴ ജീവചരിത്രക്കുറിപ്പ് തയ്യാറാക്കൽ, ചങ്ങമ്പുഴ കവിതകൾ ആലാപനം, | വിദ്യാരംഗം |
| | 19 | വായനവാരം, പി.എൻ.പണിക്കർ അനുസ്മരണം, ലൈബ്രറി പുസ്തകവിതരണം, സാഹിത്യ ക്വിസ് മത്സരം, സാഹിത്യ രംഗത്തെ പ്രഗത്ഭരുമായി അഭിമുഖം. | വിദ്യാരംഗം |
| | 20 | എസ്.ആർ.ജി.യോഗം, പ്രീടെസ്റ്റ് അവലോകനം തുടർ പ്രവർത്തന ആസൂത്രണം, | എസ്.ആർ.ജി |
| | 21 | അന്താരാഷ്ട്ര യോഗ ദിനം | സാമൂഹ്യശാസ്ത്ര ക്ലബ്ബ് |
| | 23 | ക്ലാസ്റൂം ഐ.റ്റി. അധിഷ്ഠിതമാക്കൽ കമ്മിറ്റി രൂപീകരണം | PSITC |
| | 26 | മയക്കുമരുന്ന് വിരുദ്ധദിനാചരണ പ്രവർത്തന ങ്ങൾ | സയൻസ് ക്ലബ്ബ് |
| | 27 | എസ്.ആർ.ജി. മീറ്റിംഗ്, സമഗ്ര ഗുണമേന്മ പദ്ധതി പ്രവർത്തനങ്ങൾ വിലയിരുത്തൽ അക്കാദമിക മാസ്റ്റർ പ്ലാൻ പൂർത്തിയാക്കൽ | എസ്.ആർ.ജി |
| | 30 | ഉച്ചഭക്ഷണ കമ്മിറ്റി | ഹെഡ്മാസ്റ്റർ |

| മാസം | തീയതി | പ്രവർത്തനങ്ങൾ | ചുമതല |
|---|---|---|---|
| ജൂലൈ | 04 | മാഡം ക്യൂറി ചരമദിനം<br>എസ്.ആർ.ജി. മീറ്റിംഗ്<br>ജൂലൈ മാസത്തെ പ്രവർത്തനങ്ങൾ<br>ആസൂത്രണം ചെയ്യൽ | സയൻസ് ക്ലബ്ബ്<br>എസ്.ആർ.ജി |
| | 05 | ബഷീർ ദിനം അനുസ്മരണം,ഡോക്യുമെന്ററി<br>പ്രദർശനം, ക്വിസ്, കാർട്ടൂൺ രചന | വിദ്യാരംഗം ക്ലബ്ബ് |
| | 07 | പി.ടി.എ ജനറൽ ബോഡി | ഹെഡ്മാസ്റ്റർ |
| | 11 | ലോക ജനസംഖ്യ ദിനം<br>എസ്.ആർ.ജി. മീറ്റിംഗ് | സാമൂഹ്യശാസ്ത്ര ക്ലബ്ബ്<br>എസ്.ആർ.ജി |
| | 16 | ദേശീയ സ്കൂൾ സുരക്ഷ ദിനം<br>ബോധവത്ക്കരണ ക്ലാസ് | സ്കൂൾ സുരക്ഷക്ലബ്ബ് |
| | 18 | എസ്.ആർ.ജി. മീറ്റിംഗ്<br>സി.പി.ടി.എ | എസ്.ആർ.ജി |
| | 25 | എസ്.ആർ.ജി. മീറ്റിംഗ് | എസ്.ആർ.ജി |
| | 21 | ചാന്ദ്രദിനം, ഡോക്യുമെന്ററി പ്രദർശനം, ക്വിസ്, | സയൻസ് ക്ലബ്ബ് |
| | 26 | കാർഗിൽ വിജയദിനം, അനുസ്മരണം, | സാമൂഹ്യശാസ്ത്ര ക്ലബ്ബ് |
| | 31 | ഉച്ചഭക്ഷണ കമ്മിറ്റി | ഹെഡ്മാസ്റ്റർ |
| ആഗസ്റ്റ് | 01 | ദന്തപരിശോധന ക്യാമ്പും<br>ബോധവൽക്കരണവും<br>എസ്.ആർ.ജി. മീറ്റിംഗ്<br>പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യൽ | ഹെൽത്ത് ക്ലബ്ബ്<br>എസ്.ആർ.ജി |
| | 06 | ഹിരോഷിമ ദിനം | സാമൂഹ്യശാസ്ത്ര ക്ലബ്ബ് |
| | 11 | പി.ടി.എ /എസ്.എം.സി.യോഗം<br>മാസ്റ്റർ പ്ലാൻ പുരോഗതി വിലയിരുത്തൽ | ഹെഡ്മാസ്റ്റർ |
| | 13 | ലോക അവയവ ദാന ദിനം | ഹെൽത്ത് ക്ലബ്ബ് |
| | 15 | സ്വാതന്ത്ര്യ ദിനം | സാമൂഹ്യശാസ്ത്ര ക്ലബ്ബ് |
| | 22 | ലോക നാട്ടറിവ് ദിനം<br>എസ്.ആർ.ജി. മീറ്റിംഗ് | സാമൂഹ്യശാസ്ത്ര ക്ലബ്ബ്<br>എസ്.ആർ.ജി |
| | 29 | ദേശീയ കായിക ദിനം<br>എസ്.ആർ.ജി. മീറ്റിംഗ്<br>ഉച്ചഭക്ഷണ കമ്മിറ്റി | എസ്.ആർ.ജി<br>ഹെഡ്മാസ്റ്റർ |
| സെപ്തംബർ | 02 | ലോക നാളികേര ദിനം | സാമൂഹ്യശാസ്ത്ര ക്ലബ്ബ് |
| | 05 | അധ്യാപക ദിനം | എസ്.ആർ.ജി |
| | 11 | സി.പി.ടി.എ | എസ്.ആർ.ജി |
| | 12 | എസ്.ആർ.ജി. മീറ്റിംഗ്<br>സ്കൂൾ ശാസ്ത്രമേള | എസ്.ആർ.ജി |
| | 16 | ഓസോൺ ദിനം | പരിസ്ഥിതി ക്ലബ്ബ് |
| | 18 | അന്താരാഷ്ട്ര മുള ദിനം | പരിസ്ഥിതി ക്ലബ്ബ് |

| മാസം | തീയതി | പ്രവർത്തനങ്ങൾ | ചുമതല |
|---|---|---|---|
| സെപ്തംബർ | 19 | എസ്.ആർ.ജി. മീറ്റിംഗ്<br>സ്കൂൾ കലോത്സവം | എസ്.ആർ.ജി |
| | 21 | ലോക സമാധാന ദിനം | സാമൂഹ്യശാസ്ത്ര ക്ലബ്ബ് |
| | 26 | എസ്.ആർ.ജി. മീറ്റിംഗ്<br>സ്കൂൾ കലോത്സവം | എസ്.ആർ.ജി |
| | 30 | ഉച്ചഭക്ഷണ കമ്മിറ്റി | ഹെഡ്മാസ്റ്റർ |
| ഒക്ടോബർ | 01 | ലോക വയോജന ദിനം | സാമൂഹ്യശാസ്ത്ര ക്ലബ്ബ് |
| | 02 | ഗാന്ധിജയന്തി | സാമൂഹ്യശാസ്ത്ര ക്ലബ്ബ് |
| | 03 | എസ്.ആർ.ജി. മീറ്റിംഗ് | എസ്.ആർ.ജി |
| | 09 | ലോക കാഴ്ച ദിനം | ഹെൽത്ത് ക്ലബ്ബ് |
| | 10 | ദേശീയ തപാൽ ദിനം, പോസ്റ്റ് ഓഫീസ് സന്ദർശനം<br>എസ്.ആർ.ജി. മീറ്റിംഗ് | സാമൂഹ്യശാസ്ത്ര ക്ലബ്ബ്<br>എസ്.ആർ.ജി |
| | 13 | പി.ടി.എ /എസ്.എം.സി.യോഗം | ഹെഡ്മാസ്റ്റർ |
| | 15 | ലോക കൈ കഴുകൽ ദിനം | ഹെൽത്ത് ക്ലബ്ബ് |
| | 16 | ലോക ഭക്ഷ്യ ദിനം | സാമൂഹ്യശാസ്ത്ര ക്ലബ്ബ് |
| | 17 | എസ്.ആർ.ജി. മീറ്റിംഗ് | എസ്.ആർ.ജി |
| | 22 | സി.പി.ടി.എ | എസ്.ആർ.ജി |
| | 24 | എസ്.ആർ.ജി. മീറ്റിംഗ് | എസ്.ആർ.ജി |
| | 30 | ദേശീയ സമ്പാദ്യ ദിനം | സാമൂഹ്യശാസ്ത്ര ക്ലബ്ബ് |
| | 31 | ഉച്ചഭക്ഷണ കമ്മിറ്റി<br>എസ്.ആർ.ജി. മീറ്റിംഗ് | ഹെഡ്മാസ്റ്റർ<br>എസ്.ആർ.ജി |
| നവംബർ | 01 | കേരളപ്പിറവി | വിദ്യാരംഗം |
| | 05 | പി.ടി.എ /എസ്.എം.സി.യോഗം | ഹെഡ്മാസ്റ്റർ |
| | 07 | എസ്.ആർ.ജി. മീറ്റിംഗ് | എസ്.ആർ.ജി |
| | 10 | അന്താരാഷ്ട്ര ശാസ്ത്ര ദിനം | ശാസ്ത്ര ക്ലബ്ബ് |
| | 11 | ദേശീയ വിദ്യാഭ്യാസ ദിനം | സാമൂഹ്യശാസ്ത്ര ക്ലബ്ബ് |
| | 12 | ദേശീയ പക്ഷി നിരീക്ഷണ ദിനം | പരിസ്ഥിതി ക്ലബ്ബ് |
| | 14 | ശിശുദിനം<br>എസ്.ആർ.ജി. മീറ്റിംഗ് | എസ്.ആർ.ജി |
| | 16 | ദേശീയ പത്ര ദിനം | സാമൂഹ്യശാസ്ത്ര ക്ലബ്ബ് |
| | 21 | എസ്.ആർ.ജി. മീറ്റിംഗ് | എസ്.ആർ.ജി |
| | 25 | ദേശീയ ക്ഷീര ദിനം | സാമൂഹ്യശാസ്ത്ര ക്ലബ്ബ് |
| | 28 | എസ്.ആർ.ജി. മീറ്റിംഗ് | എസ്.ആർ.ജി |
| | 31 | ഉച്ചഭക്ഷണ കമ്മിറ്റി | ഹെഡ്മാസ്റ്റർ |

| മാസം | തീയതി | പ്രവർത്തനങ്ങൾ | ചുമതല |
|---|---|---|---|
| ഡിസംബർ | 05 | അന്താരാഷ്ട്ര മണ്ണ് ദിനം<br>എസ്.ആർ.ജി. മീറ്റിംഗ് | പരിസ്ഥിതി ക്ലബ്ബ്<br>എസ്.ആർ.ജി |
| | 08 | ചിത്രരചന കളരി | വിദ്യാരംഗം |
| | 10 | ലോക മനുഷ്യാവകാശ ദിനം | സാമൂഹ്യശാസ്ത്ര ക്ലബ്ബ് |
| | 12 | എസ്.ആർ.ജി. മീറ്റിംഗ് | എസ്.ആർ.ജി |
| | 14 | ഊർജ്ജസംരക്ഷണ ദിനം | ശാസ്ത്ര ക്ലബ്ബ് |
| | 20 | അന്താരാഷ്ട്ര മാനവ ഐക്യദാർഢ്യ ദിനം | സാമൂഹ്യശാസ്ത്ര ക്ലബ്ബ് |
| | 31 | ഉച്ചഭക്ഷണ കമ്മിറ്റി | ഹെഡ്മാസ്റ്റർ |
| ജനുവരി | 05 | സി.പി.ടി.എ | എസ്.ആർ.ജി |
| | 09 | എസ്.ആർ.ജി. മീറ്റിംഗ് | എസ്.ആർ.ജി |
| | 14 | പി.ടി.എ /എസ്.എം.സി.യോഗം<br>മാസ്റ്റർ പ്ലാൻ പുരോഗതി വിലയിരുത്തൽ | ഹെഡ്മാസ്റ്റർ |
| | 16 | എസ്.ആർ.ജി. മീറ്റിംഗ് | എസ്.ആർ.ജി |
| | 23 | എസ്.ആർ.ജി. മീറ്റിംഗ് | എസ്.ആർ.ജി |
| | 24 | ദേശീയ ബാലിക ദിനം | സാമൂഹ്യശാസ്ത്ര ക്ലബ്ബ് |
| | 26 | റിപ്പബ്ലിക് ദിനം | സാമൂഹ്യശാസ്ത്ര ക്ലബ്ബ് |
| | 30 | ഉച്ചഭക്ഷണ കമ്മിറ്റി | ഹെഡ്മാസ്റ്റർ |
| ഫെബ്രുവരി | 02 | ലോക തണ്ണീർത്തട ദിനം | പരിസ്ഥിതി ക്ലബ്ബ് |
| | 06 | എസ്.ആർ.ജി. മീറ്റിംഗ് | എസ്.ആർ.ജി |
| | 11 | സ്ത്രീകളുടെയും കുട്ടികളുടെയും സുരക്ഷദിനം | സാമൂഹ്യശാസ്ത്ര ക്ലബ്ബ് |
| | 13 | ഒ.എൻ.വി ഓർമ<br>എസ്.ആർ.ജി. മീറ്റിംഗ് | വിദ്യാരംഗം<br>എസ്.ആർ.ജി |
| | 16 | നാടൻ പാട്ട് കളരി | വിദ്യാരംഗം |
| | 20 | എസ്.ആർ.ജി. മീറ്റിംഗ് | എസ്.ആർ.ജി |
| | 24 | മെഡിക്കൽ ക്യാമ്പ് | ഹെൽത്ത് ക്ലബ്ബ് |
| | 27 | ഉച്ചഭക്ഷണ കമ്മിറ്റി | ഹെഡ്മാസ്റ്റർ |
| മാർച്ച് | 06 | എസ്.ആർ.ജി. മീറ്റിംഗ് | എസ്.ആർ.ജി |
| | 10 | സി.പി.ടി.എ | എസ്.ആർ.ജി |
| | 13 | പി.ടി.എ /എസ്.എം.സി.യോഗം<br>മാസ്റ്റർ പ്ലാൻ പുരോഗതി വിലയിരുത്തൽ | ഹെഡ്മാസ്റ്റർ |
| | 20 | പഠനോത്സവം, മികവ് പ്രദർശനം<br>സ്കൂൾ വാർഷികം, കുട്ടികളുടെ കലാവിരുന്ന് | എസ്.ആർ.ജി |
| | 21 | ലോക വന ദിനം | പരിസ്ഥിതി ക്ലബ്ബ് |
| | 27 | പി.ടി.എ ജനറൽ ബോഡി | ഹെഡ്മാസ്റ്റർ |
| | 31 | ഉച്ചഭക്ഷണ കമ്മിറ്റി | ഹെഡ്മാസ്റ്റർ |

## മോണിറ്ററിംഗും അവലോകനവും

അക്കാദമിക മാസ്റ്റർ പ്ലാനിൽ രേഖപ്പെടുത്തിയിരിക്കുന്ന പ്രവർത്തനങ്ങൾ സമയബന്ധിതമായും കൃത്യമായും നടക്കുന്നുണ്ടോയെന്നും നടന്ന പ്രവർത്തനങ്ങളുടെ ഫലപ്രാപ്തി എത്രമാത്രമുണ്ടെന്നും ആവശ്യമായ മാറ്റങ്ങൾ എന്തൊക്കെയാണെന്നും നിരന്തരമായി വിലയിരുത്തണം. വിവിധ തലങ്ങളിലുള്ള വിലയിരുത്തൽ ഇതിനാവശ്യമാണ്. എസ്.ആർ.ജി, പി.ടി.എ ,എം.പി.ടി.എ, വിദ്യാലയ വികസന സമിതി മുതലായ സമിതികളുടെ ഗുണാത്മകവും ക്രിയാത്മകവുമായ ഇടപെടലുകൾ ഇതിനാവശ്യമാണ്. അതോടൊപ്പം തന്നെ വിദ്യാഭ്യാസ ഓഫീസർമാരുടെ മേൽനോട്ടവും അനിവാര്യമാണ്. വിദ്യാലയ പ്രവർത്തന പദ്ധതിയിലെ ആവശ്യമായ മാറ്റങ്ങൾ അപ്പപ്പോൾ തന്നെ നടപ്പിൽ വരുത്തേണ്ടതുണ്ട്. പ്രവർത്തനങ്ങൾ കാര്യക്ഷമമായും ഫലപ്രദമായും പൂർത്തീകരിക്കുന്നതിന് കൃത്യമായ ടൂൾ ഉപയോഗിച്ചുള്ള മോണിറ്ററിംഗും പ്രവർത്തന അവലോകനവും ആവശ്യമാണ്.

**മോണിറ്ററിംഗ് ടൂൾ**

- ✔ എല്ലാ ക്ലാസ്സുകളിലെയും കുട്ടികൾ നേടേണ്ട ശേഷികൾ നേടി എന്ന് ഉറപ്പാക്കൽ
- ✔ മോണിറ്ററിംഗ് ഏജൻസിയുടെ പേര്
- ✔ അംഗങ്ങളുടെ പേരും

ഔദ്യോഗിക മേൽവിലാസവും

## ചെക്ക് ലിസ്റ്റ്

| | | |
|---|---|---|
| 01 | അക്കാദമിക മാസ്റ്റർ പ്ലാൻ അനുസരിച്ച് ഹ്രസ്വകാല പ്രവർത്തനങ്ങൾ നടപ്പിലാക്കിയത് എത്രമാത്രം | പൂർണ്ണം / ഭാഗികം / തീരെയില്ല / പ്രാരംഭദശയിൽ |
| 02 | അക്കാദമിക മാസ്റ്റർ പ്ലാൻ അനുസരിച്ച് മധ്യകാല പ്രവർത്തനങ്ങൾ നടപ്പിലാക്കിയത് എത്രമാത്രം | പൂർണ്ണം / ഭാഗികം / തീരെയില്ല / പ്രാരംഭദശയിൽ |
| 03 | അക്കാദമിക മാസ്റ്റർ പ്ലാൻ അനുസരിച്ച് ദീർഘകാല പ്രവർത്തനങ്ങൾ നടപ്പിലാക്കിയത് എത്രമാത്രം | പൂർണ്ണം / ഭാഗികം / തീരെയില്ല / പ്രാരംഭദശയിൽ |
| 04 | സമഗ്ര ഗുണമേന്മ പദ്ധതി പ്രകാരം കുട്ടികളിൽ ഉണ്ടായ പുരോഗതി | മികച്ചത് / ഭാഗികം / തീരെയില്ല |
| 05 | അക്കാദമിക മാസ്റ്റർ പ്ലാൻ പുരോഗതി വിലയിരുത്തൽ കൃത്യമായ ഇടവേളകളിൽ നടക്കുന്നുണ്ടോ ? | നടക്കുന്നുണ്ട് / വല്ലപ്പോഴും /തീരെയില്ല |
| 06 | പി.ടി.എ, എസ്.എം.സി, വിദ്യാലയ വികസന സമിതി എന്നിവയുടെ പങ്കാളിത്തം | മികച്ചത് / വല്ലപ്പോഴും / തീരെയില്ല |
| 07 | സ്കൂൾ അക്കാദമിക മാസ്റ്റർ പ്ലാനിൽ മാറ്റങ്ങൾ വരുത്തേണ്ടതുണ്ടോ ? | ഉണ്ട് / ഇല്ല |
| 08 | പ്ലാൻ നടപ്പിലാക്കുന്നതിൽ ബുദ്ധിമുട്ടുകൾ നേരിടുന്നുണ്ടോ ? | ഉണ്ട് / ഇല്ല / കുറച്ചൊക്കെ |
| 09 | സി.പി.ടി.എ കളിൽ അക്കാദമിക് മാസ്റ്റർ പ്ലാൻ പുരോഗതി ചർച്ചചെയ്യുന്നുണ്ട് | ഉണ്ട് / ഇല്ല / കുറച്ചൊക്കെ |
| 10 | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തവും സഹകരണവും | മികച്ചത് / ശരാശരി / തീരെയില്ല |
| 11 | വിദ്യാഭ്യാസ ഓഫീസർമാരുടെ മേൽനോട്ടം | മികച്ചത് / ശരാശരി / തീരെയില്ല |
| 12 | എസ്.ആർ.ജി കൾ കൃത്യമായി നടക്കുന്നുണ്ടോ ? | നടക്കുന്നുണ്ട് / വല്ലപ്പോഴും /തീരെയില്ല |
| 13 | പഠന പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പഠന പിന്തുണ ഉറപ്പാക്കുന്നുണ്ട് | ഉണ്ട് / ഇല്ല / കുറച്ചൊക്കെ |
| 14 | സി.പി.ടി.എ കൾ കൃത്യമായി നടക്കുന്നുണ്ട് | നടക്കുന്നുണ്ട് / വല്ലപ്പോഴും /തീരെയില്ല |
| 15 | ഭിന്നശേഷി വിഭാഗത്തിലെ കുട്ടികൾക്ക് ആവശ്യമായ പിന്തുണ ഉറപ്പാക്കുന്നുണ്ട് | ഉണ്ട് / ഇല്ല / കുറച്ചൊക്കെ |
| 16 | ദിനാചരണങ്ങൾ കൃത്യമായി ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നുണ്ട് | ഉണ്ട് / ഇല്ല / കുറച്ചൊക്കെ |

## ക്രോഡീകരണം

ഗവ: എൽ.പി.എസ് പടപ്പക്കര അടുത്ത 15 വർഷം കൊണ്ട് ആർജിക്കേണ്ട ഭൗതിക വളർച്ചയും ഈ ഭൗതിക പുരോഗതിയിലൂടെ കുട്ടികളിൽ ഉണ്ടാകേണ്ട പഠന പുരോഗതിയും ഈ അക്കാദമിക് മാസ്റ്റർ പ്ലാൻ ചർച്ച ചെയ്യുന്നു. ഈ പ്ലാനിന്റെ രൂപീകരണ ഘട്ടത്തിൽ ഗുണപരമായ നിർദ്ദേശങ്ങൾ നൽകിക്കൊണ്ട് ചർച്ചകൾക്ക് നേതൃത്വം നൽകിയ ബഹു: പേരയം പഞ്ചായത്ത് പ്രസിഡന്റ് അഡ്വ. അനീഷ് പടപ്പക്കര , വികസന സമിതി അംഗവും വാർഡ് മെമ്പറുമായ ശ്രീ. ബി. സ്റ്റാഫോർഡ്, റിട്ട: അധ്യാപകനും എസ്.എസ്.എ കൊല്ലം BPO യും മുൻ പി.ടി.എ അംഗവുമായിരുന്ന ശ്രീ. ജോസഫ് .എ, എസ്.എം.സി ചെയർമാൻ ശ്രീ. ഷാൻ കുമാർ. സി, എം.പി.ടി.എ പ്രസിഡന്റ് ശ്രീമതി. ശ്രുതി. എസ് എന്നിവരോടുള്ള നന്ദി ഈ അവസരത്തിൽ രേഖപ്പെടുത്തുന്നു.

ചിട്ടയായ പ്രവർത്തനങ്ങൾ വഴിയും ജനകീയ പിന്തുണ വഴിയും ജനപ്രതിനിധികളുടെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും ഇടപെടൽ വഴിയും ഈ ലക്ഷ്യങ്ങൾ നേടിയെടുക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. ഇതോടൊപ്പം ഗുണപരമായ പദ്ധതികളുടെ കൂട്ടിച്ചേർക്കലുകൾ വഴി കൂടുതൽ ഉയരങ്ങളിലേക്ക് എത്താൻ ഈ വിദ്യാലയത്തിന് സാധിക്കട്ടെ. ഒരു ജനതയുടെ വികാരവും ഒരു നാടിന്റെ അഭിമാനവുമായി ഈ വിദ്യാലയം മാറി കൂടുതൽ കുട്ടികളെ ആകർഷിക്കാൻ കഴിയുമെന്ന് പ്രതീക്ഷിച്ചുകൊണ്ട് ഈ അക്കാദമിക മാസ്റ്റർ പ്ലാൻ സമർപ്പിക്കുന്നു.